പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1382 | 11-08-2017-ലെ മറുപടിയ്ക്ക്

## കാർഷിക സെൻസസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ.എസ്.ശർമ്മ** | | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| **എ)** | സംസ്ഥാനത്ത് നടത്തിവരുന്ന കാർഷിക സെൻസസ് കാർഷിക മേഖലയുടെ വികസനത്തിന് എത്രമാത്രം പ്രയോജനപ്രദമാണെന്ന് വ്യക്തമാക്കാമോ; | **(എ)** | 1970-71 മുതൽ 5 വർഷത്തിലൊരിക്കൽ രാജ്യത്തെ കാർഷിക മേഖലയുടെ സമഗ്ര വികസനം അവലോകനം ചെയ്യുന്നതിനായി നടപ്പിലാക്കിയ കാർഷിക സെൻസസിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ കാർഷിക മേഖലയുടെ വികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും അവ നടപ്പിലാക്കുന്നതിനും സഹായിക്കുന്നു. |
| **(ബി)** | കാർഷിക സെൻസസിലൂടെ ലഭ്യമാകുന്ന വിവരങ്ങൾ ഏതെല്ലാം കാര്യങ്ങൾക്കാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ? | **(ബി)** | കൃഷി ഭൂമിയുടെ വിസ്തൃതി, കാർഷിക ഭൂവിനിയോഗം, വളർത്തുമൃഗങ്ങൾ, കാർഷിക ഉപകരണങ്ങളുടെ ഉപയോഗം, രാസവളങ്ങളുടെ ഉപയോഗം എന്നീ വിവരങ്ങൾ കാർഷിക സെൻസസിൽ നിന്നും ലഭിക്കുന്നു. ടി വിവരങ്ങളിൽ നിന്നും പുതിയ കാർഷിക വികസന രീതികളുടെ പരിശോധനയും വിശകലനവും നടത്തപ്പെടുകയും, അവ കാർഷിക നയരൂപീകരണത്തിന് സഹായിക്കുകയും ചെയ്യുന്നു. സെൻസസിലൂടെ ലഭിച്ച വിവരങ്ങൾ ഇറക്കുമതി/ കയറ്റുമതി തുടങ്ങിയവയുടെ നയരൂപീകരണത്തിനും സഹായിക്കുന്നു. |

**സെക്ഷൻ ഓഫീസർ**